ഉത്തരം

(എ) കാട്ടാക്കട

എൽ. പി. എസ്.	
1985-86	1986-87
8	18

യു. പി. എസ്.	
1985-86	1986-87
ഇല്ല	3

നെടുമങ്ങാട്

എൽ. പി. എസ്.	
1985-86	1986-87
12	20

യു. പി. എസ്.	
1985-86	1986-87
2	6

ഹൈസ്ക്കൂൾ

1985-86	1986-87
7	14

(ബി) മെയിൻറനൻസ് പൂർത്തിയാക്കാനുള്ള നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

മൊകേരി ഗവൺമെൻറ് കോളേജ് കെട്ടിടം

958. [1402] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊകേരി ഗവൺമെൻറ് കോളേജിനുവേണ്ടി കെട്ടിടം നിർമ്മിക്കാൻ 4 ഏക്കർ ഭൂമി സ്പോൺസറിംഗ് കമ്മിറ്റി ഡിപ്പാർട്ടുമെൻറിന് എൽപ്പിച്ചു കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എൽപ്പിച്ചുകിട്ടിയ പ്രസ്തുത ഭൂമിയിൽ കോളേജ് കെട്ടിടം പണി തുടങ്ങാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. മൊകേരി ഗവൺമെൻറ് കോളേജിനുവേണ്ടി സ്പോൺസറിംഗ് കമ്മിറ്റി 3 ഏക്കർ നാൽപ്പത്തിഎട്ടേകാൽ സെൻറ് ഭൂമി വാങ്ങിയിട്ടുണ്ട്. ഒരു ഏക്കർ അൻപത്തിഒന്നേമുക്കാൽ സെൻറിനുവേണ്ടി അഡ്വാൻസ് നൽകിയതായും അറിയിച്ചിട്ടുണ്ട്. കോളേജിനുവേണ്ടി വാങ്ങിയ ഭൂമി ഗവൺമെൻറിന് കൈമാറം ചെയ്യാനുള്ള നടപടികളും നടന്നുവരുന്നതായി അറിയുന്നു.

(ബി) സ്പോൺസറിംഗ് കമ്മിറ്റി കോളേജിനുവേണ്ടി വാങ്ങി കൈമാറം ചെയ്യേണ്ട ഭൂമി മുഴുവനും കൈമാറം ചെയ്തതിനുശേഷം സർക്കാർ കെട്ടിടം പണി ആരംഭിക്കാനുള്ള നടപടികളെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly